"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - O.A (EKM) No. 1651/2021 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.577/2022/LSGD തീയതി,തിരുവനന്തപുരം, 10-03-2022

---

പരാമർശം:-

1. O.A (EKM) No. 1651/2021 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 22.10.2021 ലെ വിധിന്യായം
2. പഞ്ചായത്ത് ഡയറക്ടറുടെ 20.12.2021-ലെയും 04.02.2022-ലെയും PAN/91/2020 — H3 (DP) നമ്പർ കത്തുകൾ
3. 13.01.2022 തീയതിയിലെ ഇതേ നമ്പർ സർക്കാർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലയിൽ കുഴൂർ ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.സുധീർ ശാരീരിക അവശതകൾ മൂലം ജോലിയിൽ തുടരാൻ സാധിക്കാത്തതിനാൽ ഇൻവാലിഡ് പെൻഷൻ പ്രകാരം സേവനത്തിൽ നിന്നും വിരമിക്കുന്നതിനുള്ള അനുമതിയ്ക്കായി പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽ തുടർ നടപടി ഉണ്ടാകാത്തതിനാൽ ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത O.A (EKM) No. 1651/2021 നമ്പർ കേസിൽ ബഹു. ട്രിബ്യൂണൽ പരാമർ ശം (1) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു. പ്രസ്തുത വിധിന്യായപ്രകാരം KSR PART 3 Rule 42 പ്രകാരം ടിയാന്റെ അപേക്ഷ പരിഗണിച്ച് 3 മാസത്തിനകം ഇൻവാലിഡ് പെൻഷൻ നൽകുന്നതിന് ഒന്നാം കക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അപേക്ഷകനായ ശ്രീ സുധീർ. കെ.എം. സമർപ്പിച്ചിരിക്കുന്നത് ആയുർവ്വേദ ജില്ലാ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ആണ്. ആയതിനാൽ KSR പാർട്ട് III ചട്ടം 44 (b) പ്രകാരം രണ്ടാമത്തെ അഭിപ്രായം എന്ന നിലയിൽ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് വാങ്ങി പരിശോധിച്ച ശേഷം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ തീയതി മുതൽ KSR പാർട്ട് III ചട്ടം 42 മുതൽ 54 വരെയുള്ള ചട്ടങ്ങൾക്ക് വിധേയമായാണ് ഇൻവാലിഡ് പെൻഷൻ അനുവദിക്കേണ്ടത്. ഇക്കാര്യത്തിൽ മെഡിക്കൽ ബോർഡ് നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ

പരിശോധനയ്ക്കായി അപേക്ഷകനിൽ നിന്ന് വാങ്ങി സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് പരാമർശം (3) പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി.

3. KSR പാർട്ട് III ചട്ടം 44 (b) പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ഒർജിനൽ വാങ്ങി സമർപ്പിക്കുന്നതിന് അപേക്ഷകനായ ശ്രീ. കെ.എം. സുധീറിന് പല പ്രാവശ്യം നിർദ്ദേശം നൽകി എങ്കിലും അപ്രകാരം ലഭ്യമാക്കിയിട്ടില്ല എന്നും ശ്രീ. കെ.എം. സുധീർ ഒർജിനൽ മെഡിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിന് പകരം ടിയാൻ മുൻപ് സമർപ്പിച്ചിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കണമെന്ന് അപേക്ഷ സമർപ്പിക്കുകയാണ് ഉണ്ടായത് എന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

4. സർക്കാരിൽ അപേക്ഷകൻ സമർപ്പിച്ചതായി പറയുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ഒർജിനൽ ലഭ്യമായിട്ടില്ല. ഇൻവാലിഡ് പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ സാധുത പരിശോധിക്കുന്നതിനായാണ് ടി മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ ഒർജിനൽ സമർപ്പിക്കാൻ അപേക്ഷകനോട് നിർദ്ദേശിച്ചത്. എന്നാൽ അപ്രകാരം ഒർജിനൽ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണമെന്ന് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്തതിനാലും, ഒർജിനൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാതിരിക്കുന്നതിന് മതിയായ കാരണം ലഭ്യമാക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിലും ബഹു.കോടതി ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ സാധുത പരിശോധിക്കുവാൻ കഴിയാതെ വന്നിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ മതിയായ രേഖകളുടെ അഭാവത്തിൽ ശ്രീ. സുധീർ. കെ.എം. ന്റെ ഇൻവാലിഡ് പെൻഷൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (1) ലെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

1. ശ്രീ. കെ.എം. സുധീർ, മുൻ അസിസ്റ്റന്റ് സെക്രട്ടറി , കുഴൂർ ഗ്രാമ പഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
2. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐകെഎം, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി1/160/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Sudheer S S**
**Date: 10-03-2022 15:29:13**

സെക്ഷൻ ഓഫീസർ